പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 354 — 06.03.2012-ൽ മറുപടിയ്ക്ക്

# വേനൽക്കാലത്ത് വൈദ്യുതി നിയന്ത്രണം.

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി :

(എ) ഈ വേനൽക്കാലത്ത് വൈദ്യുതി നിയന്ത്രണങ്ങൾ ആവശ്യപ്പെട്ട് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് എത്ര യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിനു മുകളിലാണ് നിയന്ത്രണം ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) മറ്റു വിഭാഗം ഉപഭോക്താക്കൾക്ക് എത്ര ശതമാനം വൈദ്യുതി നിയന്ത്രണമാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) കേരളത്തിലെ ജലവൈദ്യുത നിലയങ്ങളിൽ നിന്നും ലഭ്യമായ വൈദ്യുതിയ്ക്ക് പുറമേ അന്തർ സംസ്ഥാന ലൈനുകളിൽകൂടി കൊണ്ടുവരാൻ കഴിയുന്ന പരമാവധി വൈദ്യുതി കൂടി കണക്കിലെടുത്താൽപോലും 2012-13 കാലയളവിൽ 2078 ദശലക്ഷം യൂണിറ്റിന്റെ കമ്മിയുണ്ടാകുമെന്നാണ് ബോർഡ് കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ ഗാർഹികം, കാർഷികം, ആരാധനാലയങ്ങൾ, തെരുവുവിളക്കുകൾ എന്നീ വിഭാഗങ്ങളൊഴികെയുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 85 ശതമാനമായി ക്രമപ്പെടുത്തണമെന്നും അതിനുമുകളിൽ ആവശ്യം വരുന്ന വൈദ്യുതി, ബോർഡ് യഥാർത്ഥത്തിൽ വാങ്ങുന്നതിന് വേണ്ടിവരുന്ന നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കണമെന്നുമാണ് റഗുലേറ്ററി കമ്മീഷനു മുമ്പിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ വ്യക്തമാക്കിയിരിക്കുന്നത്.

ഗാർഹിക ഉപഭോക്താക്കൾക്ക് 300 യൂണിറ്റ് വരെ റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിലും അതിനു മുകളിലുള്ള ഉപഭോഗത്തിന് അധിക വൈദ്യുതി വാങ്ങുന്നതിന്റെ യഥാർത്ഥ വിലയിലും വൈദ്യുതി ലഭ്യമാക്കാമെന്നാണ് പ്രസ്തുത അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിഞ്ഞ വർഷകാലത്തുണ്ടായ വൈദ്യുതി ഉല്പാദന ത്തിലെ ആസൂത്രണപ്പിഴവ് കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(ഡി) ആസൂത്രണപ്പിഴവു സംഭവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.